**നമ്പർ: ബി1/21782/റ്റി.സി/2012**

ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
തീയതി, 29.05.2015

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ (in N/c)

സർ,

വിഷയം: ***മോട്ടോർ വാഹന വകുപ്പ്*** — ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി — അവലോകന റിപ്പോർട്ട് — സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ 05/01/2015 — ലെ സർക്കുലർ നമ്പർ. 02/2015

സൂചന പ്രകാരമുള്ള സർക്കുലറിലേക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സർക്കാരിന്റെ 29/12/2014 ലെ ജി.ഒ (പി) നമ്പർ. 91/2014/ഗതാഗതം എന്ന ഉത്തരവുമായി ആവിഷ്ക്കരിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിഖ പിരിച്ചെടുക്കുന്നത് വിജയകരമായി നടപ്പിലാക്കുന്നതിനായി വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ഒന്നിടവിട്ട ബുധനാഴ്ച / ശനിയാഴ്ച അവലോകന യോഗം നടത്തേണ്ടതും പ്രസ്തുത അവലോകന റിപ്പോർട്ട് നിർദ്ദിഷ്ട ഫോമുകളിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും അയച്ചുകൊടുക്കണമെന്നും സൂചന പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പോലെ തന്നെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കളിലേയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസ് കളിലേയും സീനിയർ സൂപ്രണ്ടുമാർ അവരുടെ കീഴിലുള്ള ഓഫീസുകൾ പരിശോധിച്ച് OTS — നെ സംബന്ധിച്ചുള്ള പ്രോഗ്രസ്സ് റിപ്പോർട്ട് OTS വഴി നികുതി കുടിശ്ശിഖ പിരിച്ചെടുക്കുവാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വകുപ്പിലെ ഭൂരിഭാഗം ഉദ്യോഗസ്ഥരും മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലാ എന്നു മാത്രമല്ല OTS വഴി നികുതി അടക്കുവാൻ സമീപിക്കുന്നവരെ പല കാരണങ്ങൾ പറഞ്ഞ് മടക്കി അയക്കുന്നതായും പരാതികൾ വരുന്നുണ്ട്. OTS- ന്റെ കാലാവധി 30.6.2015-ൽ അവസാനിക്കുന്നതിനാൽ വകുപ്പിലെ ഭൂരിഭാഗം നികുതി കുടിശ്ശിഖയും OTS വഴി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും താഴെ പറയുന്ന ഫോർമാറ്റിൽ 21.05.2015 — വരെയുള്ള OTS-ന്റെ വിശദാംശങ്ങൾ 05.06.2015-ന് മുൻപ് സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)-ന്റെ Name cover-ൽ ഇ-മെയിൽ ആയും കത്ത് മുഖേനയും സമർപ്പിക്കേണ്ടതുമാണ്.

| Name of Office | | | Period up to 21.05.2015 | | |
|---|---|---|---|---|---|
| Amount of tax arrear up to 31/03/2015 as per DCB statement (after QE32.03.2015) | Number of Demand Notice issued in connection with ‘OTS’ | Number of vehicles for which arrear Tax collected as per ‘OTS’ | Amount of arrear tax collected as per ‘OTS’ | Actual arrear as per Demand Notice | Remark if any |
| | | | | | |
| | | | | | |

അധിക നികതി കടിശ്ശികയുള്ള ഓഫീസുകളിൽ എത്രമാത്രം ഡിമാന്റ് നോട്ടീസ് അയച്ചുവെന്നും എത്ര വാഹനങ്ങൾക്ക് എത്ര തുക OTS വഴി ലഭിച്ചുവെന്നും വ്യക്തമായി പരിശോധിച്ചതിനു ശേഷം വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതു മായിരിക്കും.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)